പതിനഞ്ചാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2021-2023)

**ഏഴാമത് റിപ്പോർട്ട്**

(2023 മാർച്ച് മാസം 17-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[പരിസ്ഥിതി സംബന്ധിച്ച സമിതി (2016-19)യുടെ പന്ത്രണ്ടാമത് റിപ്പോർട്ടിലെ (വെള്ളായണി കായൽ നേരിടുന്ന പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2023

പതിനഞ്ചാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2021-2023)

## ഏഴാമത് റിപ്പോർട്ട്

(2023 മാർച്ച് മാസം 17-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[പരിസ്ഥിതി സംബന്ധിച്ച സമിതി (2016-19)യുടെ പന്ത്രണ്ടാമത് റിപ്പോർട്ടിലെ (വെള്ളായണി കായൽ നേരിടുന്ന പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച്]

## ഉള്ളടക്കം


പേജ്

സമിതിയുടെ ഘടന ...

ആമുഖം ...

അദ്ധ്യായം I : റിപ്പോർട്ട് ...

അദ്ധ്യായം II : സമിതിയുടെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളും സമിതി ആരാഞ്ഞ അധികവിവരങ്ങളും സംബന്ധിച്ച വിശദാംശം ...

അദ്ധ്യായം III : നടപടി റിപ്പോർട്ട് ലഭ്യമാക്കാത്ത ശിപാർശകളുടെ വിശദാംശം ...

അദ്ധ്യായം IV : സമിതിയുടെ തുടർ ശിപാർശകൾ/നിർദ്ദേശങ്ങൾ ...

## ആമുഖം

പരിസ്ഥിതി സംബന്ധിച്ച സമിതി (2016-19)യുടെ പന്ത്രണ്ടാമത് റിപ്പോർട്ട് (വെള്ളായണി കായൽ നേരിടുന്ന പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച സമിതിയുടെ പ്രത്യേക റിപ്പോർട്ട് ) 27.3.2018-ൽ കൂടിയ സമിതിയോഗം അംഗീകരിച്ച് 2018 ഏപ്രിൽ 3-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടാണിത്.

2023 ജനുവരി മാസം 11-ാം തീയതി കൂടിയ സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഇ. കെ. വിജയൻ,
*അദ്ധ്യക്ഷൻ*
പരിസ്ഥിതി സംബന്ധിച്ച സമിതി

തിരുവനന്തപുരം,
2023 ജനുവരി 11.

## റിപ്പോർട്ട്

## അദ്ധ്യായം 1

കേരളത്തിലെ പ്രധാനപ്പെട്ട കായലുകളിലൊന്നായ തിരുവനന്തപുരം ജില്ലയിലെ വെള്ളായണി കായലിന്റെ സംരക്ഷണവും കായലിലെ താഴ്ന്ന ജലവിതാനവും കായലിലേയ്ക്ക് പുറന്തള്ളുന്ന മാലിന്യങ്ങളുടെ ഉറവിടവും സംബന്ധിച്ചും കായൽ സംരക്ഷിക്കേണ്ടതിന്റെ അനിവാര്യതയെക്കുറിച്ചും സമിതിക്ക് ലഭിച്ച നിവേദനങ്ങൾ സമിതി ഗൗരവമായി പരിശോധിക്കുകയും പ്രകൃതിയുടെ വരദാനമായ കായലുകളുടെ സംരക്ഷണം അതീവപ്രാധാന്യമുള്ളതായതിനാൽ ആയത് സംബന്ധിച്ച് വിശദമായ പഠനം നടത്താൻ തീരുമാനിക്കുകയും ചെയ്തു. ഇതു സംബന്ധിച്ച് ബന്ധപ്പെട്ട സർക്കാർ വകുപ്പ് അദ്ധ്യക്ഷന്മാർ, ജനപ്രതിനിധികൾ, സന്നദ്ധസംഘടനകൾ, പരിസരവാസികൾ, പരിസ്ഥിതി വിദഗ്ധർ എന്നിവരുമായി സമിതി ചർച്ച നടത്തിയതിന്റെയും കായൽ പ്രദേശം സന്ദർശിച്ചതിന്റെയും അടിസ്ഥാനത്തിൽ സമിതിയുടെ ശിപാർശകളും നിർദ്ദേശങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് തയ്യാറാക്കിയ റിപ്പോർട്ട് 2018 ഏപ്രിൽ 3-ാം തീയതിയായി സഭയിൽ സമർപ്പിക്കുകയുണ്ടായി. റിപ്പോർട്ടിൽ ആകെ 17 ശിപാർശകളാണ് സമിതി ഉൾപ്പെടുത്തിയിരുന്നത്.

2. സമിതിയുടെ ശിപാർശകളിന്മേൽ അനന്തര നടപടികൾ സ്വീകരിക്കുന്നതിലേയ്ക്കായി റിപ്പോർട്ടിന്റെ പകർപ്പ് സർക്കാരിലേയ്ക്ക് അയച്ചുകൊടുക്കുകയുണ്ടായി. റിപ്പോർട്ടിലെ ശിപാർശകളിന്മേൽ വിവിധ വകുപ്പുകൾ ലഭ്യമാക്കിയതും സമിതി അംഗീകരിച്ചതുമായ നടപടി പത്രികകൾ, സമിതി ആരാഞ്ഞ അധികവിവരങ്ങൾ എന്നിവ രണ്ടാം അദ്ധ്യായമായി ചേർത്തിരിക്കുന്നു. നടപടി റിപ്പോർട്ടുകൾ ലഭ്യമാകാത്ത ശിപാർശകൾ സംബന്ധിച്ച വിശദാംശങ്ങൾ മൂന്നാം അദ്ധ്യായമായും നടപടി

റിപ്പോർട്ട് ലഭ്യമാകാത്ത ശിപാർശകളും സമിതി ആവശ്യപ്പെട്ട അധിക വിവരങ്ങളും ഉൾപ്പെട്ട തുടർശിപാർശകൾ നാലാം അദ്ധ്യായമായും ചേർത്തിരിക്കുന്നു. റിപ്പോർട്ടിലെ എല്ലാ ശിപാർശകളിന്മേലും റവന്യൂ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ടുകൾ അപൂർണ്ണമായതിനാൽ പുതുക്കിയ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിരുന്നുവെങ്കിലും ആയത് നാളിതുവരെ ലഭ്യമാക്കാത്തതിൽ സമിതി കടുത്ത അതൃപ്തിരേഖപ്പെടുത്തുന്നു.

## അദ്ധ്യായം - 2

### സമിതിയുടെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളും സമിതി ആരാഞ്ഞ അധികവിവരങ്ങളും സംബന്ധിച്ച വിശദാംശം

### ശിപാർശ നമ്പർ - 1

വെള്ളായണി കന്നുകാലിച്ചാലിലെ കുളവാഴ നീക്കാത്തതിനെ തുടർന്ന് മഴക്കാലത്ത് വെള്ളം കെട്ടിനിന്ന് വീടുകളിലേക്കും പണ്ടാരക്കരി തുടങ്ങിയ പാടശേഖരങ്ങളിലേക്കും വെള്ളം കയറി നാശനഷ്ടം സംഭവിക്കുന്നത് പതിവായിരിക്കുന്നതിനാൽ വർഷാവർഷം ചാലിലെ കുളവാഴയും ചെളിയും യന്ത്ര സഹായത്തോടെ നീക്കം ചെയ്യണമെന്നും കന്നുകാലിച്ചാൽ അവസാനിക്കുന്ന മധുപാലത്തിനടുത്തുള്ള ഷട്ടറുകളും പമ്പ് ഹൗസിലെ പമ്പുകളും ആധുനികവൽക്കരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

ജലവിഭവ (ഐ.ആർ.) വകുപ്പ്

(സർക്കാർ കത്ത് നം. ഐ.ആർ.3/152/2018/ജവിവ., തീയതി, 22.11.2019)

കന്നുകാലിച്ചാലിലെ കുളവാഴ, ചെളി എന്നിവ നീക്കം ചെയ്യുന്ന പ്രവൃത്തി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ചെറുകിട ജലസേചനവിഭാഗം മുഖേന നിർവ്വഹിച്ചു വരുന്നു. മധുപാലത്തിന് സമീപമുള്ള ഷട്ടറുകളും പമ്പുകളും ആധുനികവത്കരിക്കുന്നതിന് പരിശോധനക്കുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

(10.11.2020-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ്

(സർക്കാർ കത്ത് നം. ആർ.സി.4/179/2018/തസ്വഭവ., തീയതി, 02.04.2022)

ഹരിതകർമ്മസേന വെള്ളായണി കായൽ ക്ലീൻ അപ് കമ്മിറ്റി, നീർത്തടാക പരിസ്ഥിതി സമിതി എന്നിവരുടെ നേതൃത്വത്തിൽ മാലിന്യങ്ങൾ നീക്കം ചെയ്യുന്ന പ്രവൃത്തി നടന്നുവരുന്നു. കന്നുകാലിച്ചാൽ കല്ലിയൂർ ഗ്രാമപഞ്ചായത്തിന്റെ ഭാഗമാണ്. കല്ലിയൂർ പഞ്ചായത്തിൽ നിലവിൽ പ്രോജക്ടുകൾ വച്ചിട്ടില്ല എന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(18.05.2022-ലെ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

റവന്യൂ (പി) വകുപ്പ്

(സർക്കാർ കത്ത് നം. REVP1/728/2018/REV., തീയതി, 03.01.2022)

കന്നുകാലിച്ചാൽ കല്ലിയൂർ ഗ്രാമപഞ്ചായത്തിന്റെ ഭാഗമാണ്. കല്ലിയൂർ പഞ്ചായത്ത് നിലവിൽ പ്രോജക്ടുകൾ വച്ചിട്ടില്ല.

(09.02.2022-ലെ സമിതിയോഗം പരിഗണിക്കുകയും നടപടി റിപ്പോർട്ട് അപൂർണ്ണമായതിനാൽ പുതുക്കിയ റിപ്പോർട്ട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു.)

## ശിപാർശ നമ്പർ - 2

കായൽക്കരയിൽ കൈവശക്കാർ സിമന്റ് ഉപയോഗിച്ച് ഭിത്തി നിർമ്മിക്കരുതെന്ന് സർക്കാർ വിലക്കിയിട്ടുണ്ടെങ്കിലും പ്രസ്തുത നിയമങ്ങൾ പാലിക്കാത്തവർ ധാരാളമുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കായൽക്കരയുടെ 50 മീറ്റർ ചുറ്റളവിൽ സിമന്റ്, കമ്പി എന്നിവ ഉപയോഗിച്ചുള്ള യാതൊരുവിധ നിർമ്മാണ പ്രവർത്തനങ്ങളും നടത്തുവാൻ അനുമതി നൽകരുതെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

റവന്യൂ (പി) വകുപ്പ്

(സർക്കാർ കത്ത് നം. REVP1/728/2018/REV., തീയതി, 03.01.2022)

വെങ്ങാനൂർ, കല്ലിയൂർ ഗ്രാമപഞ്ചായത്തുകളുടെ കായൽക്കരയുടെ 50 മീറ്റർ ചുറ്റളവിൽ സിമന്റ്, കമ്പി എന്നിവ ഉപയോഗിച്ചുള്ള യാതൊരുവിധ നിർമ്മാണ പ്രവർത്തനങ്ങളും നടത്തുവാൻ നിലവിൽ അനുമതി നൽകുന്നില്ല. വെങ്ങാനൂർ ഗ്രാമപഞ്ചായത്തിന്റെ കായൽക്കരയുടെ 50 മീറ്റർ ചുറ്റളവിൽ സിമന്റ്, കമ്പി എന്നിവ ഉപയോഗിച്ചുള്ള യാതൊരുവിധ നിർമ്മാണ പ്രവർത്തനങ്ങളും നടത്തുവാൻ നാളിതുവരെ യാതൊരു അനുമതിയും നൽകിയിട്ടില്ല. വെള്ളായണി കായലിന്റെ അതിർത്തികൾ സംബന്ധിച്ച സർവേ നടത്തി സ്കെച്ച് കല്ലിയൂർ, വെങ്ങാനൂർ പഞ്ചായത്ത് സെക്രട്ടറിക്കു നൽകിയിട്ടുണ്ട്.

(09.02.2022-ലെ സമിതിയോഗം പരിഗണിക്കുകയും നടപടി റിപ്പോർട്ട് അപൂർണ്ണമായതിനാൽ പുതുക്കിയ റിപ്പോർട്ട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു.)

തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ്

(സർക്കാർ കത്ത് നം. ആർ.സി.4/179/2018/തസ്വഭവ., തീയതി, 02.04.2022)

വെങ്ങാനൂർ, കല്ലിയൂർ ഗ്രാമപഞ്ചായത്തുകളുടെ കായൽക്കരയുടെ 50 മീറ്റർ ചുറ്റളവിൽ സിമന്റ്, കമ്പി എന്നിവ ഉപയോഗിച്ചുള്ള യാതൊരുവിധ നിർമ്മാണ പ്രവർത്തനങ്ങളും നടത്തുവാൻ നിലവിൽ അനുമതി നൽകുന്നില്ല. വെങ്ങാനൂർ ഗ്രാമപഞ്ചായത്തിന്റെ കായൽക്കരയുടെ 50 മീറ്റർ ചുറ്റളവിൽ സിമന്റ്, കമ്പി എന്നിവ ഉപയോഗിച്ചുള്ള യാതൊരുവിധ നിർമ്മാണ പ്രവർത്തനങ്ങളും നടത്തുവാൻ നാളിതുവരെ യാതൊരു അനുമതിയും നൽകിയിട്ടില്ല. വെള്ളായണി കായലിന്റെ അതിർത്തികൾ സംബന്ധിച്ച സർവേ നടത്തിയിട്ടുണ്ടെങ്കിലും അതിർത്തി കല്ലുകൾ സ്ഥാപിച്ചിട്ടില്ല. റവന്യൂ വകുപ്പിൽ നിന്നും കൈയ്യേറ്റക്കാരുടെ ലിസ്റ്റ് ലഭിച്ചിരുന്നുവെങ്കിലും കായൽ അതിർത്തി സ്ഥാപിച്ചു കിട്ടാത്തതിനാൽ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിഞ്ഞിട്ടില്ല എന്നും തുടർ നടപടികൾ സ്വീകരിക്കുന്നതിന് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ടിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(18.05.2022-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## ശിപാർശ നമ്പർ - 3

വെള്ളായണി ജലാശയത്തിന്റെ 50 മീറ്റർ ചുറ്റളവിലുള്ള കരപ്രദേശത്തിലെ സർക്കാർ ഉടമസ്ഥതയിലും സ്വകാര്യ ഉടമസ്ഥതയിലുമുള്ള ഭൂമിയുടെ കൃത്യമായ രേഖ ഉണ്ടാക്കണമെന്നും നിലവിൽ കായൽ ജലാശയമായി കിടക്കുന്ന സ്ഥലം അളന്നു തിട്ടപ്പെടുത്തി 'വെള്ളായണി ശുദ്ധജലതടാകം' എന്ന് വ്യക്തമായി എഴുതിയ ബോർഡുകൾ ഗ്രീൻ പ്രോട്ടോക്കോൾ പ്രകാരം എല്ലാ ദിക്കിലും സ്ഥാപിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

റവന്യൂ (പി) വകുപ്പ്

(സർക്കാർ കത്ത് നം. REV.P1/728/2018/REV., തീയതി, 03.01.2022)

ഗ്രീൻ പ്രോട്ടോക്കോൾ പ്രകാരം പൊതു സ്ഥലമായി ബോധ്യമുള്ള സ്ഥലങ്ങളിൽ ബോർഡുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(09.02.2022-ലെ സമിതിയോഗം പരിഗണിക്കുകയും നടപടി റിപ്പോർട്ട് അപൂർണ്ണമായതിനാൽ പുതുക്കിയ റിപ്പോർട്ട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു.)

തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ്

(സർക്കാർ കത്ത് നം. ആർ.സി.4/179/2018/തസ്വഭവ., തീയതി, 02.04.2022)

വെള്ളായണി കായലിന്റെ അതിർത്തികൾ സംബന്ധിച്ച സർവ്വേ നടത്തിയിട്ടുണ്ടെങ്കിലും അതിർത്തി കല്ലുകൾ സ്ഥാപിച്ചിട്ടില്ല. തുടർ നടപടികൾ സ്വീകരിക്കുന്നതിന് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ടിട്ടുണ്ടെന്നും ഗ്രീൻ പ്രോട്ടോക്കോൾ പ്രകാരം പൊതുസ്ഥലമായി ബോധ്യമുള്ള സ്ഥലങ്ങളിൽ ബോർഡുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(18.05.2022-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## ശിപാർശ നമ്പർ - 4

കായൽ തീരപ്രദേശത്ത് (മാങ്കിളിക്കരി, കാഞ്ഞിരത്തടി, നിലമേൽക്കരി, പണ്ടാരക്കരി, പുഞ്ചക്കരി തുടങ്ങിയ പ്രദേശങ്ങൾ) ഒരു തരത്തിലുമുള്ള അശാസ്ത്രീയമായ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തരുതെന്നും കൃഷിയോഗ്യമായ ഭൂമി കൃഷി ചെയ്യുന്നതിന് താൽപ്പര്യമുള്ളവർക്ക് പാട്ടത്തിന് നൽകണമെന്നും കൃഷിക്ക് രാസവള പ്രയോഗം, കീടനാശിനി പ്രയോഗം എന്നിവ നടത്തരുതെന്ന് കർശന നിർദ്ദേശം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

പൊതുമരാമത്ത് (ഇ) വകുപ്പ്

(സർക്കാർ കത്ത് നം. ഇ 1/232/2018/പൊ.മ.വ., തീയതി, 27.11.2019)

തിരുവനന്തപുരം വെള്ളായണി കായൽ പ്രദേശത്ത് (മാങ്കിളിക്കരി, കാഞ്ഞിരത്തടി, നിലമേൽക്കരി, പണ്ടാരക്കരി, പുഞ്ചക്കരി) തുടങ്ങിയ സ്ഥലങ്ങളിൽ ഒരു തരത്തിലുമുള്ള അശാസ്ത്രീയമായ നിർമ്മാണ പ്രവർത്തനങ്ങളും പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിനു കീഴിൽ നടത്തുന്നില്ല.

(10.11.2020-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

<u>റവന്യൂ (പി) വകുപ്പ്</u>

(സർക്കാർ കത്ത് നം. REV.P1/728/2018/REV., തീയതി, 03.01.2022)

കായൽ തീരപ്രദേശത്ത് അശാസ്ത്രീയമായ നിർമ്മാണം നടക്കുന്നില്ലായെന്നും പഞ്ചായത്ത് പരിധിയിലെ കായൽ തീര പ്രദേശത്ത് കൃഷി യോഗ്യമായ ഭൂമി കൃഷി ആവശ്യത്തിനു മാത്രം ഉപയോഗിക്കുന്നുള്ളുവെന്ന വിവരവും അറിയിക്കുന്നു. കായൽ തീരത്ത് രാസവളപ്രയോഗം, കീടനാശിനി പ്രയോഗം എന്നിവ നടത്തുന്നില്ലെന്ന് ഉറപ്പു വരുത്തുന്നതിന് കൃഷി ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ട്. കർഷകർക്കു വേണ്ടി ബോധവൽക്കരണം നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(09.02.2022-ലെ സമിതിയോഗം പരിഗണിക്കുകയും നടപടി റിപ്പോർട്ട് അപൂർണ്ണമായതിനാൽ പുതുക്കിയ റിപ്പോർട്ട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു.)

<u>തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ്</u>

(സർക്കാർ കത്ത് നം. ആർ.സി.4/179/2018/തസ്വഭവ., തീയതി, 02.04.2022)

അശാസ്ത്രീയമായ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നില്ലായെന്നും പഞ്ചായത്ത് പരിധിയിലെ കായൽ തീര പ്രദേശത്ത് കൃഷി യോഗ്യമായ ഭൂമി കൃഷി ആവശ്യത്തിനു മാത്രം ഉപയോഗിക്കുന്നുള്ളുവെന്നും ശിപാർശയിൽ പരാമർശിക്കുന്ന പ്രദേശം വെങ്ങാനൂർ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്ന പ്രദേശമല്ലായെന്നും കായൽ തീരത്ത് രാസവള പ്രയോഗം, കീടനാശിനി പ്രയോഗം എന്നിവ നടത്തുന്നില്ലെന്ന് ഉറപ്പ് വരുത്തുന്നതിന് കൃഷി ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും കർഷകർക്കു വേണ്ട ബോധവൽക്കരണം നടത്തുന്നതിനും തീരുമാനിച്ചതായി പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(18.05.2022-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## ശിപാർശ നം. 5

പുതിയതായി ബണ്ടുകളും റോഡുകളും കായലിൽ നിർമ്മിക്കാതിരിക്കണമെന്നും അനധികൃത കൈയേറ്റങ്ങൾ നിയമപരമായി നേരിടണമെന്നും കായലിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ തടവുശിക്ഷ ഉൾപ്പെടെയുള്ള കർശന നടപടി സ്വീകരിക്കുന്നതിനുള്ള സർക്കാർ നീക്കത്തിന് ആക്കം കൂട്ടണമെന്നും പുഴ മലിനപ്പെടാതിരിക്കുന്നതിനാവശ്യമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

#### പൊതുമരാമത്ത് വകുപ്പ്

(സർക്കാർ കത്ത് നം. പൊ.മ.വ.ജി3/235/2018/പൊ.മ.വ. തീയതി, 10.06.2019)

പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള കാക്കാമൂല മുതൽ പൂങ്കുളം വരെയുള്ള റോഡിൽ വെള്ളായണി കായലിന്റെ കുറുകെയുള്ള ബണ്ടു റോഡിൽ യാതൊരു കയ്യേറ്റങ്ങളും ഉണ്ടായിട്ടില്ല. നിലവിലുള്ള റോഡിൽ മാറ്റങ്ങൾ വരുത്തുന്നതിനോ, പുതിയ ബണ്ട് റോഡ് നിർമ്മിക്കുന്നതിനോ ഉള്ള പ്രൊപ്പോസലുകളൊന്നും തന്നെ നിലവിൽ പൊതുമരാമത്ത് വകുപ്പിന്റെ പരിഗണനയിലില്ല.

(11.07.2019-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

#### ജലവിഭവ (ഐ.ആർ) വകുപ്പ്

(സർക്കാർ കത്ത് നം.ഐ.ആർ.3/152/2018/ജ.വി.വ. . തീയതി,22.11.2019)

ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെയുള്ള നിയമ നടപടികൾ കൂടുതൽ കർശനമാക്കുന്നതിന്റെ ഭാഗമായി നിലവിൽ വന്ന കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ആക്ട് 2018-ൻ പ്രകാരം ജലസ്രോതസ്സുകൾ മലിനപ്പെടുത്തുന്നവർക്കുള്ള തടവ് ശിക്ഷ മൂന്ന് വർഷത്തിൽ അധികരിക്കാത്തതും ഒരു വർഷത്തിൽ കുറയാത്തതുമായ കാലയളവും ഒപ്പം പരമാവധി രണ്ട് ലക്ഷം രൂപ വരെ പിഴയും ഈടാക്കുന്നതുമാണ്.

(10.11.2020-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## റവന്യൂ (പി) വകുപ്പ്

(സർക്കാർ കത്ത് നം. REV.P1/728/2018/REV തീയതി, 03.01.2022)

ടി പ്രദേശത്ത് പുതുതായി ബണ്ടുകളും, റോഡുകളും നിർമ്മിക്കുന്നതിന് അനുമതി നൽകില്ലായെന്ന് വെങ്ങാനൂർ പഞ്ചായത്ത് കമ്മിറ്റി 23.11.2018-ലെ 12(1) തീരുമാനം എടുത്തിട്ടുണ്ട്. മാലിന്യ നിക്ഷേപത്തിനെതിരെ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. കല്ലിയൂർ പഞ്ചായത്ത് കമ്മിറ്റിയുടെ 24.11.2016-ലെ നാലാം നമ്പർ തീരുമാന പ്രകാരം പുതുതായി ബണ്ട് നിർമ്മാണം അനുവദിക്കില്ലായെന്ന് തീരുമാനം എടുത്തിട്ടുണ്ട്.

(09.02.2022-ലെ സമിതിയോഗം പരിഗണിക്കുകയും നടപടി റിപ്പോർട്ട് അപൂർണ്ണമായതിനാൽ പുതുക്കിയ റിപ്പോർട്ട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു.)

## തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്

(സർക്കാർ കത്ത് നം. ആർ.സി.4/179/2018/ത.സ്വ.ഭ.വ.. തീയതി, 02.04.2022)

ടി പ്രദേശത്ത് പുതുതായി ബണ്ടുകളും, റോഡുകളും നിർമ്മിക്കുന്നതിന് അനുമതി നൽകില്ലായെന്ന് വെങ്ങാനൂർ പഞ്ചായത്ത് കമ്മിറ്റി 23.11.2018-ലെ 12(1) തീരുമാനം എടുത്തിട്ടുണ്ട്. മാലിന്യ നിക്ഷേപത്തിനെതിരെ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. കല്ലിയൂർ പഞ്ചായത്ത് കമ്മിറ്റിയുടെ 24.11.2016-ലെ നാലാം നമ്പർ തീരുമാന പ്രകാരം പുതുതായി ബണ്ട് നിർമ്മാണം അനുവദിക്കില്ലായെന്ന് തീരുമാനം എടുത്തിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(18.05.2022-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## ശിപാർശ നം. 6

വെള്ളായണി കായൽ ജലത്തിന്റെ ഗുണനിലവാരം മൂന്നുമാസ ഇടവേളകളിൽ പരിശോധിക്കണമെന്നും പോരായ്മ കണ്ടെത്തി പരിഹാര നടപടികൾ യഥാസമയം സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

### റവന്യൂ (പി) വകുപ്പ്

(സർക്കാർ കത്ത് നം. REV.P1/728/2018/REV തീയതി, 03.01.2022)

വെങ്ങാനൂർ ഗ്രാമപഞ്ചായത്ത്, വാട്ടർ അതോറിറ്റി മുഖേന ജലാശയത്തിന്റെ ഗുണനിലവാര പരിശോധന നടത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. കല്ലിയൂർ ഗ്രാമപഞ്ചായത്ത് പി.എച്ച്.സി. മുഖേനയും വെങ്ങാനൂർ ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റി മുഖേനയും ജലാശയത്തിന്റെ ഗുണനിലവാര പരിശോധന നടത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(09.02.2022-ലെ സമിതിയോഗം പരിഗണിക്കുകയും നടപടി റിപ്പോർട്ട് അപൂർണ്ണമായതിനാൽ പുതുക്കിയ റിപ്പോർട്ട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു.)

### തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്

(സർക്കാർ കത്ത് നം. ആർ.സി.4/179/2018/ത.സ്വ.ഭ.വ.. തീയതി, 02.04.2022)

വെങ്ങാനൂർ ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റി മുഖേന ജലാശയത്തിന്റെ ഗുണനിലവാര പരിശോധന നടത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നതായും കല്ലിയൂർ ഗ്രാമപഞ്ചായത്ത് പി.എച്ച്.സി. മുഖേന ജലാശയത്തിന്റെ ഗുണ നിലവാര പരിശോധന നടത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നതായും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(18.05.2022-ലെ സമിതിയോഗം അംഗീകരിക്കുകയും അധികവിവരം ആരായുകയും ചെയ്തു.)

## സമിതി ആരാഞ്ഞ അധികവിവരം

**വെള്ളായണിക്കായലിലെ ജലത്തിന്റെ ഗുണനിലവാര പരിശോധനയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് വകുപ്പിനോട് ആവശ്യപ്പെടുന്നു.**

## ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ്

(സർക്കാർ കത്ത് നം. ജി1/39/2022/ആ.കു.വ. തീയതി 30.06.2022)

പ്രസ്തുത ശിപാർശയിന്മേൽ കേരള വാട്ടർ അതോറിറ്റിയുടെ ജലവിതരണ പദ്ധതിയുടെ ഭാഗമായി ജലശുദ്ധീകരണത്തിന് മുമ്പ് തന്നെ പതിവായി വെള്ളായണി കായലിൽ നിന്നും ശേഖരിക്കുന്ന വെള്ളം വാട്ടർ അതോറിറ്റിയുടെ ജല പരിശോധനാ ലാബിൽ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ടെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെടുകയുണ്ടായി.

വെള്ളായണി കായലിൽ ആഫ്രിക്കൻ പായലിന്റേയും, താമരയിലയുടേയും സാന്നിദ്ധ്യം കാരണം ചെറിയ തോതിൽ പുഴുക്കൾ നിലനിന്നിരുന്നതായും, പ്രീക്ലോറിനേഷൻ മുഖാന്തിരവും പൊട്ടാസ്യം പെർമാംഗനേറ്റ് കായൽ വെള്ളത്തിൽ കലക്കി ക്ലാരിഫ്ലോക്കുലേറ്ററിലേക്ക് കടത്തി വിടുകയും ക്ലാരിഫിൽറ്ററിൽ നിന്നും ഫിൽറ്റർ ചെയ്ത വെള്ളം ക്ലിയർ വാട്ടർ പമ്പിലേക്ക് പോസ്റ്റ് ക്ലോറിനേഷൻ നടത്തി ഓവർ ഹെഡ് ടാങ്കിലേക്ക് പമ്പ് ചെയ്യുകയും ശുദ്ധീകരിച്ച ജലം പ്ലാന്റിനുള്ളിൽ പരിശോധന നടത്തുകയും ചെയ്യുന്നു. ശുദ്ധീകരിച്ച ജലത്തിൽ പുഴുവിന്റെ സാന്നിദ്ധ്യം ഉള്ളതായി ബോദ്ധ്യപ്പെട്ടിട്ടില്ലാത്തതും, ഇപ്രകാരമുള്ള പരാതികൾ ലഭിച്ചിട്ടില്ലാത്തതുമാണെന്നും വാട്ടർ അതോറിറ്റി ചീഫ് എഞ്ചിനീയർ (പ്രോജക്ട് & ഓപ്പറേഷൻസ്) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 04.03.2022-ന് കല്ലിയൂർ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ്, മറ്റ് മെമ്പർമാർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ വാട്ടർ അതോറിറ്റി എഞ്ചിനീയർമാർ ജലശുദ്ധീകരണ ശാലയിൽ സംയുക്ത പരിശോധന നടത്തുകയും ക്ലാരിഫ്ലോക്കുലേറ്ററിൽ പുഴുക്കളുടെ സാന്നിദ്ധ്യം ഇല്ല എന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതുമാണ്. ക്രമമായുള്ള ശുദ്ധീകരണ ശാലയുടെ വൃത്തിയാക്കലും, കായൽ പമ്പ് ഹൗസിലെ കിണറിന്റെ ശുദ്ധിയാക്കലും 05.04.2022-ന് പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ശുദ്ധീകരണശാലയിൽ 18.04.2022-ന് ക്വാളിറ്റി കൺട്രോൾ എക്സിക്യൂട്ടീവ് എഞ്ചിനീയർ നടത്തിയ പരിശോധനയിൽ നൽകിയ നിർദ്ദേശങ്ങൾ നടപ്പിലാക്കി വരുന്നതായും വാട്ടർ അതോറിറ്റി ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ടെന്ന വിവരം അറിയിക്കുന്നു.

(12.10.2022-ലെ സമിതിയോഗം അംഗീകരിക്കുകയും അധികവിവരം ആരായുകയും ചെയ്തു)

## സമിതി ആരാഞ്ഞ അധികവിവരം

**വെള്ളായണിക്കായൽ ജലത്തിന്റെ ഗുണനിലവാരം സംബന്ധിച്ച് മൂന്ന് മാസ ഇടവേളകളിൽ പരിശോധന നടത്തണമെന്ന സമിതിയുടെ ശിപാർശ കൃത്യമായി നടപ്പാക്കണമെന്ന് ജലവിഭവ വകുപ്പിനോട് സമിതി നിർദ്ദേശിച്ചു.**

## ശിപാർശ നം. 7

ശുദ്ധജല തടാകങ്ങളുടെ 50 മീറ്റർ ചുറ്റളവിൽ താമസിക്കുന്നതിനുള്ള കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള യാതൊരുവിധ നിർമ്മാണ പ്രവർത്തനങ്ങൾക്കും അനുവാദം നൽകരുതെന്നും പ്രസ്തുത അകലത്തിനുള്ളിൽ താമസിക്കുന്നവരുണ്ടെങ്കിൽ അവർക്ക് പുനരധിവാസത്തിനുള്ള എല്ലാ സഹായങ്ങളും സർക്കാർ നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്

(സർക്കാർ കത്ത് നം. ആർ.സി.4/179/2018/ത.സ്വ.ഭ.വ.. തീയതി, 02.04.2022)

വെള്ളായണി കായലിന്റെ അതിർത്തികൾ സംബന്ധിച്ച സർവ്വേ നടത്തിയിട്ടുണ്ടെങ്കിലും അതിർത്തി കല്ലുകൾ സ്ഥാപിച്ചിട്ടില്ല. തുടർ നടപടികൾ സ്വീകരിക്കുന്നതിന് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ടുവരുന്നുണ്ടെന്നും അതിർത്തി നിശ്ചയിച്ച് ലഭിക്കുന്ന മുറയ്ക്ക് പുനരധിവാസം സംബന്ധിച്ച് കമ്മിറ്റി തീരുമാനം എടുത്ത് സർക്കാർ ശ്രദ്ധയിൽപ്പെടുത്തുന്നതാണെന്നും വെങ്ങാനൂർ, കല്ലിയൂർ ഗ്രാമ പഞ്ചായത്തുകളിൽ നിലവിൽ 50 മീറ്റർ ചുറ്റളവിൽ കെട്ടിട നിർമ്മാണ പ്രവർത്തികൾക്ക് അനുവാദം നൽകുന്നില്ലെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(18.05.2022-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

റവന്യൂ (പി) വകുപ്പ്

(സർക്കാർ കത്ത് നം. REV.P1/728/2018/REV തീയതി, 03.01.2022)

വെങ്ങാനൂർ, കല്ലിയൂർ ഗ്രാമപഞ്ചായത്തുകളിൽ നിലവിൽ 50 മീറ്റർ ചുറ്റളവിൽ കെട്ടിടനിർമ്മാണ പ്രവർത്തികൾക്ക് അനുവാദം നൽകുന്നില്ല എന്ന വിവരം സമർപ്പിക്കുന്നു.

(09.02.2022-ലെ സമിതിയോഗം പരിഗണിക്കുകയും നടപടി റിപ്പോർട്ട് അപൂർണ്ണമായതിനാൽ പുതുക്കിയ റിപ്പോർട്ട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു.)

## ശിപാർശ നമ്പർ - 8

ഒരു കാലത്ത് വിനോദസഞ്ചാര കേന്ദ്രമായിരുന്ന വെള്ളായണി കായലിന്റെ വിനോദസഞ്ചാര സാധ്യത മുന്നിൽ കണ്ട് മൂലധന നിക്ഷേപം നടത്താൻ കഴിവുള്ള വ്യക്തികളും സ്ഥാപനങ്ങളും കായലിന്റെ പരിസര പ്രദേശങ്ങളിൽ വസ്തുവകകൾ സ്വന്തമാക്കുന്നതായി സമിതി നിരീക്ഷിക്കുന്നു. കായലിൽ നിന്നും 50 മീറ്റർ ചുറ്റളവിലുള്ള സ്വകാര്യഭൂമി സർക്കാർ ഏറ്റെടുക്കണമെന്നും, പട്ടയമുള്ളതും മണ്ണിട്ട് നികത്തിക്കൊണ്ടിരിക്കുന്നതുമായ പുഞ്ചപ്പാടങ്ങൾ ഏതെങ്കിലും സർക്കാർ പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

### വിനോദ സഞ്ചാര (സി) വകുപ്പ്

(സർക്കാർ കത്ത് നം. ടൂർ-സി3/141/2018-ടൂർ, തീയതി, 11.11.2019)

കായലിന്റെ പരിസര പ്രദേശങ്ങളിൽ കായലിൽ നിന്നും 50 മീറ്റർ ചുറ്റളവിലുള്ള സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിന് ഭൂമി ലഭ്യമാകുന്ന മുറയ്ക്ക്, ഭൂപ്രകൃതിയ്ക്ക് അനുയോജ്യമായും, CRZ നിയമത്തിന് അനുസൃതമായും ടൂറിസം പ്രവർത്തനങ്ങൾക്ക് ഇവ ഉപയോഗിക്കുന്നതിന് ടൂറിസം വകുപ്പ് അനുയോജ്യമായ പദ്ധതികൾ തയ്യാറാക്കുന്നതാണ്.

(20.12.2019-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു)

### റവന്യൂ (പി) വകുപ്പ്

(സർക്കാർ കത്ത് നം. REV.P1/728/2018/REV., തീയതി, 03.01.2022)

കായലിൽ നിന്നും 50 മീറ്റർ ചുറ്റളവിലുള്ള സ്വകാര്യ ഭൂമി സർക്കാർ ഏറ്റെടുക്കുന്നതിനുള്ള അഭ്യർത്ഥന, ഫണ്ടിന്റെ ലഭ്യത ഉറപ്പുവരുത്തികൊണ്ടുള്ള അനുമതി, എന്നിവ ജലവിഭവ വകുപ്പ് സമർപ്പിച്ചിട്ടില്ലാത്തതിനാൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ലാത്തതാണ്.

(09.02.2022-ലെ സമിതിയോഗം പരിഗണിക്കുകയും നടപടി റിപ്പോർട്ട് അപൂർണ്ണമായതിനാൽ പുതുക്കിയ റിപ്പോർട്ട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു.)

<u>തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ്</u>

(സർക്കാർ കത്ത് നം. ആർ.സി.4/179/2018/തസ്വഭവ., തീയതി, 02.04.2022)

വെങ്ങാനൂർ ഗ്രാമപഞ്ചായത്തിൽ വെള്ളായണി കായലിന്റെ അതിർത്തി അളന്ന കല്ലുകൾ സ്ഥാപിക്കുന്നതിന് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ടുവരുന്നു. അതിർത്തി നിർണ്ണയിക്കുന്ന മുറയ്ക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാന സഹിതം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(18.05.2022-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു)

## ശിപാർശ നമ്പർ - 9

കൃഷി ചെയ്യാതെ നികത്തിക്കൊണ്ടിരിക്കുന്ന മുഴുവൻ പാടശേഖരങ്ങളും സർക്കാർ ഏറ്റെടുത്ത് ഡ്രഡ്ജ് ചെയ്യണമെന്നും അനുയോജ്യമായ മരങ്ങൾ, ഈറ, മുള, കണ്ടൽ കാടുകൾ എന്നിവകൊണ്ട് അതിരുകൾ നിർമ്മിച്ച് കായലിന്റെ സംഭരണ ശേഷി വർദ്ധിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

<u>റവന്യൂ (പി) വകുപ്പ്</u>

(സർക്കാർ കത്ത് നം. REV.P1/728/2018/REV., തീയതി, 03.01.2022)

ടി വിഷയം പരിശോധിക്കുന്നതാണ്.

(09.02.2022-ലെ സമിതിയോഗം പരിഗണിക്കുകയും നടപടി റിപ്പോർട്ട് അപൂർണ്ണമായതിനാൽ പുതുക്കിയ റിപ്പോർട്ട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു.)

## ശിപാർശ നമ്പർ - 10

കന്നുകാലിച്ചാൽ തോടിൽ വന്നുചേരുന്ന ചെറുതോടുകളും ഇപ്പോൾ മാലിന്യവാഹികളാണെന്ന് സമിതി മനസ്സിലാക്കുന്നു. കായലിനെ മാലിന്യമുക്തമാക്കി സൂക്ഷിക്കുന്നതിനായി വെള്ളായണി കായൽ കന്നുകാലിച്ചാലുമായി ചേരുന്ന ഭാഗത്ത് ഒരു റഗുലേറ്റർ സ്ഥാപിച്ച് മാലിന്യം കായലിലേക്ക് കടക്കാതെ സംരക്ഷിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

### ജലവിഭവ (ഐ.ആർ.) വകുപ്പ്

(സർക്കാർ കത്ത് നം. ഐ.ആർ.3/152/2018/ജവിവ., തീയതി, 22.11.2019)

തോട്ടുകൾ കന്നുകാലിച്ചാലിൽ വന്നുചേരുന്ന ഭാഗത്തുകൂടി കായലിലേക്ക് മാലിന്യം കയറാതിരിക്കുവാൻ ആവശ്യമായ നിർമ്മിതി സംബന്ധിച്ച നിർദ്ദേശത്തിന്റെ സാധ്യതപരിശോധിക്കുന്നതിന് ആരംഭിച്ചിട്ടുണ്ട്.

(10.11.2020-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

### റവന്യൂ (പി) വകുപ്പ്

(സർക്കാർ കത്ത് നം. REV.P1/728/2018/REV., തീയതി, 03.01.2022)

ടി ശിപാർശ ഇറിഗേഷൻ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തി പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(09.02.2022-ലെ സമിതിയോഗം പരിഗണിക്കുകയും നടപടി റിപ്പോർട്ട് അപൂർണ്ണമായതിനാൽ പുതുക്കിയ റിപ്പോർട്ട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു.)

### തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ്

(സർക്കാർ കത്ത് നം. ആർ.സി.4/179/2018/തസ്വഭവ., തീയതി, 02.04.2022)

ടി ശിപാർശ ഇറിഗേഷൻ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തി പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്നും ശിപാർശയിൽ പരാമർശിക്കുന്ന സ്ഥലം വെങ്ങാനൂർ പഞ്ചായത്ത് പരിധിയിൽ വരുന്നതല്ല എന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(18.05.2022-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## ശിപാർശ നമ്പർ - 11

കായലിനു ചുറ്റും കൃഷി ചെയ്യുവാൻ കഴിയാതെ വെള്ളത്താൽ മൂടിക്കിടക്കുന്ന പട്ടയഭൂമി കൃഷിക്കാരിൽ നിന്നും ന്യായവില നൽകി ഏറ്റെടുത്ത് റിസർവോയറിന്റെ ഭാഗമായി നിലനിർത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

### റവന്യൂ (പി) വകുപ്പ്

(സർക്കാർ കത്ത് നം. REV.P1/728/2018/REV., തീയതി, 03.01.2022)

വെള്ളായണി കായലിന്റെ ജലവിതാനത്തിനടിയിൽപ്പെട്ടു പോയ പട്ടയ ഭൂമി കർഷകരുടെ സ്ഥലം ഏറ്റെടുക്കുന്നതിന്, ആവശ്യമായ ആകെ തുകയായ 6,32,12,751/- രൂപയുടെ ഭരണാനുമതി പുറപ്പെടുവിക്കുന്നതിന് ജലവിഭവ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുള്ളതാണ്. ഫണ്ടിന്റെ ലഭ്യത ഉറപ്പുവരുത്തി, ഭരണാനുമതി പുറപ്പെടുവിക്കുന്ന മുറയ്ക്ക്, ജില്ലാ കളക്ടർ, ജില്ലാതല വിലനിർണ്ണയ സമിതി (ഡി.എൽ.എഫ്.സി) കൂടുന്നതും, ന്യായമായ സ്ഥലവില നിശ്ചയിക്കുന്നതുമാണ്. ഡി.എൽ.എഫ്.സി റേറ്റ്, റവന്യൂ വകുപ്പിന് കൈമാറുന്ന മുറയ്ക്ക്, ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ, എസ്.എൽ.ഇ.സി മുമ്പാകെ അവതരിപ്പിച്ച് സ്ഥലവില നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.

(09.02.2022-ലെ സമിതിയോഗം പരിഗണിക്കുകയും നടപടി റിപ്പോർട്ട് അപൂർണ്ണമായതിനാൽ പുതുക്കിയ റിപ്പോർട്ട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു.)

### ജലവിഭവ (ഐ. ആർ) വകുപ്പ്

(സർക്കാർ കത്ത് നം. ഐ.ആർ3/152/2018/ജ.വി.വ. തീയതി, 13.06.2022)

13.04.2022-ലെ സ.ഉ(സാധാ)324/2022/ജവിവ നമ്പർ ഉത്തരവ് പ്രകാരം വെള്ളായണിക്കായൽ ജലവിതാനത്തിൽപ്പെട്ടുപോയ പട്ടയഭൂമി ഉടമസ്ഥരായ കർഷകർക്കുണ്ടായിട്ടുള്ള തൊഴിൽ-വരുമാന നഷ്ടങ്ങൾ കണക്കിലെടുത്ത് പ്രസ്തുത പട്ടയഭൂമി, നഷ്ടപരിഹാരം നൽകി സർക്കാർ ഏറ്റെടുക്കുന്നതിലേക്ക് ഉടമസ്ഥരായ കർഷകർക്ക് ₹ 6,32,12,751/- രൂപ നൽകുന്നതിന് ഭരണാനുമതി നൽകിയിരുന്നു.

(06.10.2022-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

### ശിപാർശ നമ്പർ 12

നിലവിലുള്ള പമ്പ് ഹൗസുകൾ നവീകരിക്കുകയും അവിടത്തെ യന്ത്രോപകരണങ്ങൾ 24 മണിക്കൂറും പ്രവർത്തനസജ്ജമാക്കി നിലനിർത്തുന്നതിനും വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

### ജലവിഭവ (ഐ. ആർ) വകുപ്പ്

(സർക്കാർ കത്ത് നം. ഐ.ആർ3/152/2018/ജ.വി.വ. തീയതി, 22.11.2019)

വെള്ളായണിക്കായലുമായി ബന്ധപ്പെട്ട് നിലവിലുള്ള പമ്പുകൾ 2018 ആഗസ്റ്റിലെ പ്രളയത്തിൽ സംഭവിച്ച കേടുപാടുകൾ കൂടി പരിഹരിച്ച് പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്.

(10.11.2020-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

### റവന്യൂ (പി) വകുപ്പ്

(സർക്കാർ കത്ത് നം. REV.P1/728/2018/REV. തീയതി, 03.01.2022)

നിലവിലുള്ള പമ്പ് ഹൗസുകൾ വാട്ടർ അതോറിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്നതാണ്. മേൽ ശിപാർശ സംബന്ധിച്ച് വേണ്ട നിർദ്ദേശങ്ങൾ വാട്ടർ അതോറിറ്റിക്ക് നൽകുന്നതിന് വെങ്ങാനൂർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തിട്ടുണ്ട്. കല്ലിയൂർ ഗ്രാമപഞ്ചായത്തിൽ ടി പമ്പ് ഹൗസുകൾ മൈനർ ഇറിഗേഷൻ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നതാണ്.

(09.02.2022-ലെ സമിതിയോഗം പരിഗണിക്കുകയും നടപടി റിപ്പോർട്ട് അപൂർണ്ണമായതിനാൽ പുതുക്കിയ റിപ്പോർട്ട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു.)

### തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ്

(സർക്കാർ കത്ത് നം. ആർ.സി4/179/2018/തസ്വഭവ. തീയതി, 02.04.2022)

നിലവിലുള്ള പമ്പ് ഹൗസുകൾ വാട്ടർ അതോറിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്നതാണ്. മേൽ ശിപാർശ സംബന്ധിച്ച് വേണ്ട നിർദ്ദേശങ്ങൾ വാട്ടർ അതോറിറ്റിക്ക് നൽകുന്നതിന് വെങ്ങാനൂർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തിട്ടുണ്ടെന്നും കല്ലിയൂർ ഗ്രാമപഞ്ചായത്തിൽ ടി പമ്പ് ഹൗസുകൾ മൈനർ ഇറിഗേഷൻ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നതാണെന്നും മേൽ ശിപാർശ സംബന്ധിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിന് നടപടി സ്വീകരിച്ച് വരുന്നുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(18.05.2022-ലെ സമിതിയോഗം അംഗീകരിക്കുകയും അധികവിവരം ആരായുകയും ചെയ്തു)

## സമിതി ആരാഞ്ഞ അധികവിവരം

**പമ്പ് ഹൗസുകളുടെ നിലവിലെ അവസ്ഥയും, പമ്പ് ഹൗസുകൾ നവീകരിച്ച് യന്ത്രോപകരണങ്ങൾ പ്രവർത്തനസജ്ജമാക്കി നിലനിർത്തുന്നതിന് വേണ്ടി സ്വീകരിച്ച നടപടികൾ സംബന്ധിച്ചുമുള്ള റിപ്പോർട്ട് ലഭ്യമാക്കണമെന്ന് വകുപ്പിനോട് ആവശ്യപ്പെട്ടു.**

## ശിപാർശ നമ്പർ - 13

വെള്ളായണി കായലിന്റെ സമീപ പ്രദേശങ്ങളിലെ വീടുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും കായലിലേക്ക് ഒഴുക്കിവിടുന്ന മാലിന്യങ്ങൾമൂലവും താമര, കുളവാഴ തുടങ്ങിയ സസ്യങ്ങൾ വെള്ളായണി കായലിൽ വ്യാപിക്കുന്നതുമൂലവും കായലിലെ ജലം മലിനീകരിക്കപ്പെട്ടതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ വെള്ളായണി കായലിലെ മാലിന്യം നീക്കം ചെയ്യുന്നതിന് സത്വരനടപടി സ്വീകരിക്കുകയും ഈ പ്രദേശത്തെ ജൈവ വൈവിധ്യ പൈതൃക കേന്ദ്രമാക്കി പ്രഖ്യാപിക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

റവന്യൂ(പി) വകുപ്പ്

(സർക്കാർ കത്ത് നം. REV.P1/728/2018/REV. തീയതി, 03.01.2022)

വെള്ളായണി കായലിന്റെ സമീപ പ്രദേശങ്ങളിലെ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും കായലിലേക്ക് ഒഴുക്കി വിടുന്ന മാലിന്യങ്ങൾ തടയുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്ത് നടപടി സ്വീകരിച്ചു വരുന്നു. വെള്ളായണി കായൽ ക്ലീൻ അപ്പ് കമ്മിറ്റി, നീർത്തടാക പരിസ്ഥിതി സമിതി എന്നിവരുടെ നേതൃത്വത്തിൽ മാലിന്യങ്ങൾ നീക്കം ചെയ്യുന്ന പ്രവൃത്തി നടന്നു വരുന്നു. വെള്ളായണി കായലിനേയും സമീപ പ്രദേശങ്ങളേയും ജൈവ വൈവിദ്ധ്യ കേന്ദ്രമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടി വെങ്ങാനൂർ പഞ്ചായത്ത് കമ്മിറ്റി ജൈവ വൈവിദ്ധ്യ ബോർഡിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കല്ലിയൂർ ഗ്രാമ പഞ്ചായത്ത് ടി പ്രദേശം ജൈവ വൈവിദ്ധ്യ കേന്ദ്രമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(09.02.2022-ലെ സമിതിയോഗം പരിഗണിക്കുകയും നടപടി റിപ്പോർട്ട് അപൂർണ്ണമായതിനാൽ പുതുക്കിയ റിപ്പോർട്ട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു.)

## തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്

(സർക്കാർ കത്ത് നം. ആർ.സി4/179/2018/ത.സ്വഭവ., തീയതി, 02.04.2022)

വെള്ളായണി കായലിന്റെ സമീപ പ്രദേശങ്ങളിലെ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും കായലിലേക്ക് ഒഴുക്കി വിടുന്ന മാലിന്യങ്ങൾ തടയുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്ത് നടപടി സ്വീകരിച്ചു വരുന്നുണ്ട്. വെള്ളായണി കായൽ ക്ലീൻ അപ്പ് കമ്മിറ്റി, നീർത്തടാക പരിസ്ഥിതി സമിതി എന്നിവരുടെ നേതൃത്വത്തിൽ മാലിന്യങ്ങൾ നീക്കം ചെയ്യുന്ന പ്രവൃത്തി നടന്നുവരുന്നു. വെള്ളായണി കായലിനേയും സമീപ പ്രദേശങ്ങളേയും ജൈവ വൈവിദ്ധ്യ കേന്ദ്രമായി പ്രഖ്യാപിക്കുന്നതിന് വെങ്ങാനൂർ പഞ്ചായത്ത് കമ്മിറ്റി ജൈവ വൈവിധ്യ ബോർഡിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കല്ലിയൂർ ഗ്രാമപഞ്ചായത്ത് ടി പ്രദേശം ജൈവ വൈവിദ്ധ്യ കേന്ദ്രമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(18.05.2022-ലെ സമിതി യോഗം അംഗീകരിക്കുകയും അധികവിവരം ആരായുകയും ചെയ്തു)

## സമിതി ആരാഞ്ഞ അധികവിവരം

**വെള്ളായണിക്കായലിലെ മാലിന്യം നീക്കം ചെയ്യുന്നതിനും ജൈവ വൈവിധ്യ പൈതൃക കേന്ദ്രമാക്കി പ്രഖ്യാപിക്കുന്നതിനും വേണ്ടി സ്വീകരിച്ച നടപടിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വ്യക്തമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് വകുപ്പിനോട് ആവശ്യപ്പെട്ടു.**

## ശിപാർശ നമ്പർ - 14

വേനൽക്കാലത്ത് കായലിൽനിന്ന് കോവളത്തേക്കും മറ്റ് വിദൂര സ്ഥലങ്ങളിലേക്കും വെള്ളം പമ്പ് ചെയ്യുന്നതുമൂലം കായലിലെ ജലവിതാനം താഴുകയും സമീപവാസികൾക്ക് ജലദൗർലഭ്യം അനുഭവപ്പെടുകയും ചെയ്യുന്നതായി സമിതി മനസ്സിലാക്കുന്നു. തടാകത്തിൽ നിന്നും ജലം പമ്പ് ചെയ്യുന്നത് നിരീക്ഷിക്കുന്നതിന് സംവിധാനമുണ്ടാകണമെന്നും വിദൂര സ്ഥലങ്ങളിലേക്ക് ജലം ലഭിക്കുന്നതിന് മറ്റ് ജല സ്രോതസ്സുകളെ ആശ്രയിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

### ജലവിഭവ (ഐ.ആർ.) വകുപ്പ്

(സർക്കാർ കത്ത് നം. ഐ.ആർ3/152/2018/ജവിവ. തീയതി, 01.07.2021)

തിരുവനന്തപുരം ജില്ലയിലെ കല്ലിയൂർ, വെങ്ങാനൂർ, വിഴിഞ്ഞം എന്നീ പഞ്ചായത്തുകളിലേക്കും, കോർപ്പറേഷൻ വാർഡുകളായ പുഞ്ചക്കിരി, വെള്ളാർ, തിരുവല്ലം, പൂങ്കുളം ഹാർബർ, വിഴിഞ്ഞം, കോട്ടപ്പുറം, മുല്ലൂർ, വെങ്ങാനൂർ പ്രദേശങ്ങളിലേക്ക് ശുദ്ധ ജലവിതരണം നടത്തുന്നത് വെള്ളായണി കായൽ സ്രോതസ്സായുള്ള 21.9 MLD ശേഷിയുള്ള ശുദ്ധീകരണ ശാലയിൽ നിന്നുമാണ്. പ്രസ്തുത പ്രദേശങ്ങളിൽ ശുദ്ധ ജലം വിതരണം ചെയ്യുന്നതിനായി ഉറവിടം വറ്റാത്ത മറ്റു പ്രാദേശിക ജലസ്രോതസ്സുകൾ ഒന്നുംതന്നെ നിലവിൽ ഇല്ലാത്തതുകൊണ്ടാണ് വെള്ളായണി കായലിലെ ജലത്തെ ആശ്രയിക്കുന്നത്. കൂടാതെ കായലിലെ ജലത്തിന്റെ ഒരു ചെറിയ ശതമാനം മാത്രമാണ് നിലവിൽ കുടിവെള്ള ആവശ്യങ്ങൾക്കായി കേരള വാട്ടർ അതോറിറ്റി ഉപയോഗിക്കുന്നത്.

കായലിലെ ജലനിരപ്പ് വ്യതിയാനം അറിയുന്നതിന് പമ്പ് ഹൗസിലെ കിണറിൽ അളവ് രേഖപ്പെടുത്തിയിട്ടുണ്ട്. സമിതിയുടെ നിർദ്ദേശം ഉൾക്കൊണ്ട് എല്ലാ ദിവസവും ജലനിരപ്പ് രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം ഒരുക്കുന്നതാണ്. കൂടാതെ കായലിൽ നിന്നും ടി ശുദ്ധീകരണ ശാലയിലേയ്ക്ക് പമ്പ് ചെയ്യുന്ന ജലത്തിന്റെ അളവ് കൃത്യമായി അറിയുന്നതിലേയ്ക്കായി പമ്പ് ഹൗസിൽ ഫ്ലോ മീറ്റർ ഘടിപ്പിച്ചിട്ടുണ്ട്. സാധാരണയായി വേനൽക്കാലത്ത് കായലിലെ നിരപ്പ് താഴുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജലനിരപ്പ് പൂർവസ്ഥിതിയിൽ എത്തിക്കുന്നതിനായി നെയ്യാർ ഇറിഗേഷൻ പദ്ധതിയുടെ കൈവഴികൾ വഴി നെയ്യാറിലെ ജലം വെള്ളായണി കായലിൽ എത്തിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി ജലസേചന വകുപ്പിന്റെ സഹായം തേടാറുണ്ട്. ഈ കൈവഴികളിലൂടെ ഉള്ള നീരൊഴുക്കിന് തടസ്സം നേരിടുന്നതിനാൽ ചില സമയങ്ങളിൽ വേനൽക്കാലത്ത് കായലിലെ ജലനിരപ്പ് പൂർവസ്ഥിതിയിൽ എത്തിക്കുവാൻ കഴിയാതെ വരുന്നു. ഈ കൈവഴികളിലൂടെയുള്ള നീരൊഴുക്കിന് തടസ്സമാകുന്നവ കണ്ടെത്തി നടപടി സ്വീകരിക്കുന്നതാണ്.

(24.11.2021-ലെ സമിതിയോഗം അംഗീകരിക്കുകയും അധികവിവരങ്ങൾ ആവശ്യപ്പെടുകയും ചെയ്തു.)

## സമിതി ആവശ്യപ്പെട്ട അധികവിവരം

വെള്ളായണിക്കായലിലെ ജലനിരപ്പ് പൂർവ്വസ്ഥിതിയിലെത്തിക്കുന്നതിലേയ്ക്കായി, നെയ്യാർ ഇറിഗേഷൻ പദ്ധതിയുടെ കൈവഴികൾ വഴി നെയ്യാറിലെ ജലം വെള്ളായണിക്കായലിൽ എത്തിക്കുന്നതിന് സംസ്ഥാന ജല അതോറിറ്റി ജലവിഭവ വകുപ്പിന്റെ സഹായം തേടുന്നത് സംബന്ധിച്ചും പ്രസ്തുത കൈവഴികളിലൂടെയുള്ള നീരൊഴുക്കിന് തടസ്സം നേരിടുന്നതിനാൽ ചില സമയങ്ങളിൽ വേനൽക്കാലത്ത് വെള്ളായണി കായലിലെ "ജലനിരപ്പ് പൂർവ്വസ്ഥിതിയിൽ എത്തിക്കാൻ കഴിയാതെ വരുന്നു" എന്നുള്ള കാര്യങ്ങളിന്മേൽ വകുപ്പ് സ്വീകരിച്ച നടപടികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ചും റിപ്പോർട്ട് ലഭ്യമാക്കുവാൻ ജലവിഭവ (ഐ.ആർ.) വകുപ്പിനോട് ആവശ്യപ്പെട്ടു.

### റവന്യൂ (പി) വകുപ്പ്

(സർക്കാർ കത്ത് നം. REV.P1/728/2018-REV., തീയതി, 03.01.2022)

സമിതിയുടെ നിർദ്ദേശം വാട്ടർ അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

(09.02.2022-ലെ സമിതിയോഗം പരിഗണിക്കുകയും നടപടി റിപ്പോർട്ട് അപൂർണ്ണമായതിനാൽ പുതുക്കിയ റിപ്പോർട്ട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു.)

## ശിപാർശ നമ്പർ - 15

തടാകത്തിന്റെ സംരക്ഷണ പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കുന്നതിന് ജില്ലാ കളക്ടർ ചെയർമാനായി ജലവിഭവം, തദ്ദേശസ്വയംഭരണം, കൃഷി, മത്സ്യബന്ധനം, പരിസ്ഥിതി തുടങ്ങിയ വകുപ്പുകളുടെ ജില്ലാ മേധാവികളും തടാകം സ്ഥിതി ചെയ്യുന്ന പ്രദേശങ്ങളുമായി ബന്ധപ്പെട്ട ജനപ്രതിനിധികളും സന്നദ്ധ സംഘടനാ പ്രതിനിധികളും പരിസരവാസികളും അടങ്ങുന്ന ഒരു മോണിറ്ററിംഗ് അതോറിറ്റി ഉണ്ടാക്കണമെന്നും വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും തടാക സംരക്ഷണം നടത്തുന്നതിനുമുള്ള പ്രത്യേക അധികാരം അതോറിറ്റിക്കുണ്ടായിരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

### പരിസ്ഥിതി വകുപ്പ്

(സർക്കാർ കത്ത് നം. എ 2/134/2018/പരി., തീയതി, 27.11.2020)

വെള്ളായണിക്കായൽ സംരക്ഷണാർത്ഥം കേരള സംസ്ഥാന ജൈവ വൈവിദ്ധ്യ ബോർഡ് കേന്ദ്ര സർക്കാരിന് പ്രോജക്ട് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ ഏക ശുദ്ധജല തടാകമായ വെള്ളായണി കായലും കായലോരപ്രദേശവും ജൈവ വൈവിദ്ധ്യ പൈതൃക കേന്ദ്രമായി (BHS) ആയി സംരക്ഷിക്കുന്നതിന്റെ ഭാഗമായി കേരള സംസ്ഥാന ജൈവ വൈവിദ്ധ്യ ബോർഡിന്റെയും കല്ലിയൂർ, വെങ്ങാനൂർ പഞ്ചായത്ത് ബി.എം.സികളുടെയും ആഭിമുഖ്യത്തിൽ വിദഗ്ധരുടെ വിലയേറിയ നിർദ്ദേശങ്ങൾക്കും ഉപദേശങ്ങൾക്കുമായി ബഹു. എം.എൽ.എ. അഡ്വ. എം. വിൻസെന്റിന്റെ അധ്യക്ഷതയിൽ 15.09.2017 -ന് നേമം ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ പ്രാരംഭ യോഗം നടത്തുകയുണ്ടായി. യോഗത്തിൽ കല്ലിയൂർ, വെങ്ങാനൂർ, പള്ളിച്ചൽ എന്നീ പഞ്ചായത്തുകളുടെ ജൈവ വൈവിദ്ധ്യ പരിപാലന സമിതി മെമ്പർമാരും ഡോ. ദിനേശൻ ചെറുവാട്ട്, മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവ വൈവിദ്ധ്യ ബോർഡ്, ഡോ. ഉമാമഹേശ്വരൻ, കാർഷിക കോളേജ്, വെള്ളായണി, ശ്രീ. സി.കെ. പീതാംബരൻ, സിസ്സാ (സൊസൈറ്റി ഫോർ ഇന്റർനാഷണൽ സപ്പോർട്ട് ആൻഡ് അസിസ്റ്റൻസ്), ശ്രീമതി. രാജി.ആർ., ഡെപ്യൂട്ടി തഹസീൽദാർ, ശ്രീമതി. ഷീജാമേരി എ.പി., അസിസ്റ്റന്റ് ഡയറക്ടർ ഓഫ് ഫിഷറീസ് എന്നിവർ പങ്കെടുത്തു. പ്രസ്തുത യോഗത്തിൽ വെച്ച് പ്രദേശത്തിന്റെ പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിനായി 12 അംഗങ്ങളുൾപ്പെടുന്ന ജൈവവൈവിധ്യ പൈതൃക കേന്ദ്ര സമിതി രൂപീകരിക്കുന്നതിനും, കായൽ മാലിന്യ വിമുക്തമാക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നത് സംബന്ധിച്ചും വെള്ളായണി കായൽ ജൈവവൈവിധ്യ പൈതൃക കേന്ദ്രമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു. ജൈവവൈവിധ്യ പൈതൃക കേന്ദ്ര സമിതിയുടെ ആദ്യ യോഗം 18.09.2017 ന് കൂടുകയുണ്ടായി. കായലും കായലിന്റെ വൃഷ്ടി പ്രദേശങ്ങളും ഉൾപ്പെടുത്തി ഭൂവിസ്തൃതി തിട്ടപ്പെടുത്തി ഭൂരേഖ ലഭിക്കുന്നതിനായി തിരുവനന്തപുരം ജില്ലാ കളക്ടറോട് അഭ്യർത്ഥിച്ചിരുന്നു. കൂടാതെ നിർദ്ദിഷ്ട ജൈവവൈവിധ്യ പൈതൃക കേന്ദ്രത്തിന്റെ വിസ്തൃതി സർവ്വേ ചെയ്ത് കഡസ്ട്രൽ മാപ്പ് തയ്യാറാക്കുന്നതിനായി കല്ലിയൂർ,

വെങ്ങാനൂർ, പള്ളിച്ചൽ, നേമം, തിരുവല്ലം എന്നീ വില്ലേജ് ആഫീസുകളിൽ നിന്നും Field Measurement Book, Basic Tax Register, Tandaper Register എന്നിവയിലെ വിവരങ്ങൾ ശേഖരിക്കാനുള്ള നടപടികൾ നടന്നു വരുന്നതായി സംസ്ഥാന ജൈവവൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കായൽ സംരക്ഷണാർത്ഥമുള്ള മറ്റൊരു യോഗം 06.11.2017 ന് പരിസ്ഥിതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിലും ചേർന്നു. തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന നടപടികൾ സംസ്ഥാന ജൈവവൈവിധ്യ ബോർഡിൽ നിന്നും സ്വീകരിച്ചിട്ടുണ്ട്.

1. വെള്ളായണി കായൽ പൈതൃക കേന്ദ്രമാക്കുന്നതിന്റെ ഭാഗമായി കായലും കായലിന്റെ വൃഷ്ടി പ്രദേശങ്ങളായ തണ്ണീർത്തടങ്ങൾ, തോടുകൾ, പാടശേഖരങ്ങൾ, തലക്കുളങ്ങൾ (വെങ്ങാനൂർ, കല്ലിയൂർ, പള്ളിച്ചൽ, തിരുവനന്തപുരം കോർപ്പറേഷൻ) എന്നിവയും അയ്യങ്കാളിയുടെ ജന്മസ്ഥലമായ കുന്നംപാറ ക്ഷേത്രം, വെള്ളായണി ക്ഷേത്രം, കാവുകൾ എന്നിവ ഉൾപ്പെടുത്തി ഭൂവിസ്തൃതി തിട്ടപ്പെടുത്തി ഭൂരേഖ തയ്യാറാക്കി നൽകുന്നതിന് ലാന്റ് യൂസ് ബോർഡ് തിരുവനന്തപുരം തഹസിൽദാർ, ഐ.എസ്.ആർ.ഒ എന്നിവർക്ക് കത്തു നലകുന്നതിന് തീരുമാനിച്ചു.

2. സസ്യ-ജന്തു (flora & fauna) വൈവിധ്യം ഉൾപ്പെടെയുള്ള വെള്ളായണി കായലിന്റെ സയന്റിഫിക് ഡേറ്റ, സോയിൽ സർവ്വേ വകുപ്പിൽ നിന്നുള്ള മാപ്പ്, 1932-ലെ വെള്ളായണി അഗ്രി. യൂണിവേഴ്സിറ്റിയുടെ flora of Vellayani എന്ന പ്രബന്ധം, അയ്യങ്കാളി ഫൗണ്ടേഷനിൽ നിന്നുള്ള രേഖകൾ, SNDP യിൽ നിന്നും കുന്നംപാറയുടെ ചരിത്രം, ദേവസ്വം ബോർഡിൽ നിന്നും ക്ഷേത്രങ്ങളുടെ ആചാരവുമായി ബന്ധപ്പെട്ട വിവരങ്ങൾ, കാവുകളുടെ വിവരശേഖരണം, 'കാന്താരി' എന്ന സന്നദ്ധ സംഘടനയുടെ പക്കൽ നിന്നുള്ള വിവരശേഖരണം, തൃക്കുളങ്ങര ക്ഷേത്ര വിളംബരം എന്നിവ സംബന്ധിച്ച വിവരങ്ങൾ കൂടാതെ ട്രാവൻകൂർ മാനവൽ, പുരാണ ലിഖിതങ്ങൾ, ശിലാലിഖിതങ്ങൾ എന്നിവയിൽ നിന്നുള്ള വിവരങ്ങൾ കൂടി ശേഖരിക്കുന്നതിനു തീരുമാനിച്ചു. ശേഖരിക്കുന്ന വിവരങ്ങളുടെ 2 കോപ്പി (1 master copy, 2 working model copy) എന്നിവ തയ്യാറാക്കുന്നതിനു നിർദ്ദേശിക്കുകയുണ്ടായി.

3. ഓരോ സ്കൂളിലേയും ജൈവവൈവിധ്യ ക്ലബിൽ നിന്നും തെരഞ്ഞെടുത്ത 50 കുട്ടികളെ പങ്കെടുപ്പിച്ച് അവർ താമസിക്കുന്ന 1 കി.മി. ചുറ്റളവിലുള്ള പ്രദേശത്തെ ചരിത്രപരവും സാംസ്കാരികവും ജൈവ വൈവിധ്യപരവുമായ മാറ്റങ്ങൾ ഉൾപ്പെടുത്തി ഒരു പ്രബന്ധം തയ്യാറാക്കുകയും, ഏറ്റവും നല്ല പ്രബന്ധത്തിന് കല്ലിയൂർ, വെങ്ങാനൂർ പഞ്ചായത്തുകൾ അവാർഡ് നല്കുന്നതിനും തീരുമാനിച്ചു. കൂടാതെ മാധ്യമങ്ങൾ വഴി വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു.

4. കൈത്തറി, തനതു കലാരൂപങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനും ചരിത്രപരമായ വിവരങ്ങൾ സൂക്ഷിക്കുന്നവരുടെ ലിസ്റ്റ് തയ്യാറാക്കി അവരുടെ പക്കൽ നിന്നും വിവരങ്ങൾ ശേഖരിക്കുന്നതിനും തീരുമാനിച്ചു. കായലിന്റെ സമീപ പ്രദേശങ്ങളിലുള്ള വീടുകളിൽ നിന്ന് യാതൊരു വിധത്തിലുള്ള മാലിന്യവും ഒഴുക്കി വിടാൻ പാടില്ലെന്നും പഞ്ചായത്ത് തലത്തിൽ അതിനു വേണ്ടുന്ന നടപടി സ്വീകരിക്കണമെന്നും അഡീഷണൽ ചീഫ് സെക്രട്ടറി നിർദ്ദേശിച്ചു. കായലിലെ തെരഞ്ഞെടുത്ത 6 സ്റ്റേഷനുകളിൽ നിന്നും വണ്ടിത്തടം, അഗ്രികൾച്ചറൽ കോളേജ്, കക്കാമൂല (L) കക്കാമൂല (R) വവ്വാമൂല (L) വവ്വാമൂല (R) ജലസാമ്പിളുകൾ ശേഖരിച്ച് 15 ഘടകങ്ങൾ പരിശോധനാ വിധേയമാക്കിയതായും ഗുണ നിലവാര തോത് പരിശോധിച്ചതിൽ ജലം മലിനമായതായി കാണുന്നില്ലെന്നും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് മെമ്പർ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(11.02.2021-ലെ സമിതിയോഗം പരിഗണിക്കുകയും അധികവിവരം ആരായുകയും ചെയ്തു)

## സമിതി ആരാഞ്ഞ അധികവിവരം

**വെള്ളായണികായൽ സംരക്ഷിക്കുന്നതിന് ജനപ്രതിനിധികളും പരിസരവാസികളും പരിസ്ഥിതി പ്രവർത്തകരുമടങ്ങുന്ന ഒരു മോണിറ്ററിംഗ് അതോറിറ്റി രൂപീകരിക്കണമെന്ന സമിതിയുടെ ശിപാർശ നടപ്പാക്കാത്തതിൽ അതൃപ്തി രേഖപ്പെടുത്തുകയും ആയത് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് വീണ്ടും നിർദ്ദേശിക്കുകയും ചെയ്തു.**

<u>പരിസ്ഥിതി (എ) വകുപ്പ് ലഭ്യമാക്കിയ മറുപടി</u>

കല്ലിയൂർ വെങ്ങാനൂർ പഞ്ചായത്തിലെ പരിധിയിൽ വരുന്ന വെള്ളായണി കായലിന്റെ ഉടമസ്ഥത നിലവിൽ തദ്ദേശസ്ഥാപനങ്ങളിൽ നിക്ഷിപ്തമായതിനാൽ സമിതിയുടെ ശിപാർശയിന്മേൽ നേരിട്ട് നടപടി റിപ്പോർട്ട് സമർപ്പിക്കുന്നതിന് റിപ്പോർട്ട് തദ്ദേശസ്വയംഭരണ വകുപ്പിന് കൈമാറിയതായി 11.10.2021 ലെ എ 2/134/2018/പരി നമ്പർ കത്ത് പ്രകാരം പരിസ്ഥിതി (എ) വകുപ്പ് അറിയിച്ചു.

<u>റവന്യൂ (പി) വകുപ്പ്</u>

(സർക്കാർ കത്ത് നം. REV.P1/728/2018/REV. തീയതി, 03.01.2022)

ടി വിഷയം പരിശോധിക്കുന്നതാണ്.

(09.02.2022-ലെ സമിതിയോഗം പരിഗണിക്കുകയും നടപടി റിപ്പോർട്ട് അപൂർണ്ണമായതിനാൽ പുതുക്കിയ റിപ്പോർട്ട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു.)

## <u>ശിപാർശ നമ്പർ 16</u>

കായൽജലം മലിനപ്പെടാതിരിക്കുന്നതിനാവശ്യമായ ബോർഡുകൾ, ഡസ്റ്റ് ബിന്നുകൾ തുടങ്ങിയവ ആവശ്യമായ ഇടങ്ങളിൽ സ്ഥാപിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## <u>സർക്കാർ സ്വീകരിച്ച നടപടി</u>

<u>റവന്യൂ (പി) വകുപ്പ്</u>

(സർക്കാർ കത്ത് നം. REV.P1/728/2018/REV. തീയതി, 03.01.2022)

ഹരിത കർമ്മസേന, വെള്ളായണി കായൽ ക്ലീൻ അപ് കമ്മിറ്റി, നീർത്തടാക പരിസ്ഥിതി സമിതി എന്നിവരുടെ നേതൃത്വത്തിൽ മാലിന്യങ്ങൾ നീക്കം ചെയ്യുന്ന പ്രവൃത്തി നടന്നു വരുന്നു. ബോർഡുകൾ, ഡസ്റ്റ് ബിന്നുകൾ എന്നിവ സ്ഥാപിക്കാൻ പഞ്ചായത്ത് നടപടി സ്വീകരിക്കുന്നതാണ്.

(09.02.2022-ലെ സമിതിയോഗം പരിഗണിക്കുകയും നടപടി റിപ്പോർട്ട് അപൂർണ്ണമായതിനാൽ പുതുക്കിയ റിപ്പോർട്ട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു.)

<u>തദ്ദേശസ്വയംഭരണ വകുപ്പ്</u>

(സർക്കാർ കത്ത് നം. ആർ.സി4/179/2018/തസ്വഭവ. തീയതി, 02.04.2022)

ഹരിത കർമ്മസേന, വെള്ളായണി കായൽ ക്ലീൻ അപ് കമ്മിറ്റി, നീർത്തടാക പരിസ്ഥിതി സമിതി എന്നിവരുടെ നേതൃത്വത്തിൽ മാലിന്യങ്ങൾ നീക്കം ചെയ്യുന്ന പ്രവൃത്തി നടന്നുവരുന്നുണ്ട്. ബോർഡുകൾ, ഡസ്റ്റ് ബിന്നുകൾ സ്ഥാപിക്കാൻ പഞ്ചായത്ത് നടപടി സ്വീകരിക്കുന്നുണ്ട്.

(18.05.2022-ലെ സമിതിയോഗം അംഗീകരിക്കുകയും അധികവിവരം ആരായുകയും ചെയ്തു)

**<u>സമിതി ആരാഞ്ഞ അധികവിവരം</u>**

**വെള്ളായണി കായലിലെ ജലം മലിനപ്പെടുത്തരുതെന്നഭ്യർത്ഥിച്ചുകൊണ്ടുള്ള ബോർഡുകൾ, മാലിന്യം നിക്ഷേപിക്കുന്നതിനുള്ള ഡസ്റ്റ് ബിന്നുകൾ തുടങ്ങിയവ സ്ഥാപിക്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് വകുപ്പിനോട് ആവശ്യപ്പെട്ടു.**

**<u>ശിപാർശ നമ്പർ-17</u>**

മേൽപ്പറഞ്ഞ ശിപാർശകൾ നടപ്പാക്കുന്നതിനാവശ്യമായ നിയമനിർമ്മാണം ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കണമെന്നും ഈ തലമുറയ്ക്ക് മാത്രമല്ല,വരും തലമുറകൾക്കും അവകാശപ്പെട്ട ഈ ശുദ്ധജലതടാകം സംരക്ഷിക്കാനുള്ള എല്ലാ മാർഗ്ഗങ്ങളും അവലംബിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

<u>റവന്യൂ (പി) വകുപ്പ്</u>

(സർക്കാർ കത്ത് നം. REV-P1/728/2018-REV. തീയതി 03.01.2022)

ടി വിഷയം പരിശോധിക്കുന്നതാണ്

(09.02.2022-ലെ സമിതിയോഗം പരിഗണിക്കുകയും നടപടി റിപ്പോർട്ട് അപൂർണ്ണമായതിനാൽ പുതുക്കിയ റിപ്പോർട്ട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു.)

## പരിസ്ഥിതി (എ) വകുപ്പ്

(സർക്കാർ കത്ത് നം. എ 2/134/2018/ പരി തീയതി, 27.11.2020)

കേരളത്തിലെ തണ്ണീർത്തടങ്ങളുടെ മാപ്പിംഗിനായി തയ്യാറാക്കിയിട്ടുള്ള കരട് പട്ടികയിൽ വെള്ളായണിക്കായൽ ഉൾപ്പെട്ടിട്ടുള്ളതായും 2017 ലെ തണ്ണീർതടങ്ങൾ (സംരക്ഷണവും പരിപാലനവും)ചട്ട പ്രകാരം സംരക്ഷിക്കപ്പെടേണ്ട തണ്ണീർതടങ്ങൾ വിജ്ഞാപനം ചെയ്യുന്നതിനായി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിക്കുന്നതാണെന്ന് സംസ്ഥാന തണ്ണീർതട അതോറിറ്റി മെമ്പർ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. വെള്ളായണി കായൽ വിജ്ഞാപനം ചെയ്ത് ആയത് തണ്ണീർത്തട അതോറിറ്റിയുടെ പരിധിയിൽ വരുമ്പോൾ കായലിന്റെ സംരക്ഷണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ പ്രസ്തുത അതോറിറ്റിയുടെ കീഴിലായിരിക്കും വരികയെന്ന് പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(11.02.2021-ലെ സമിതിയോഗം പരിഗണിക്കുകയും റിപ്പോർട്ട് പുനഃപരിശോധിച്ച് പുതുക്കിയ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകയും ചെയ്തു.)

## പരിസ്ഥിതി (എ) വകുപ്പ് ലഭ്യമാക്കിയ പുതുക്കിയ റിപ്പോർട്ട്.

(സർക്കാർ കത്ത് നം. എ 2/134/2018/പരി. തീയതി, 14.03.2022)

സംസ്ഥാന തണ്ണീർത്തട അതോറിറ്റി വിജ്ഞാപനം ചെയ്യാനായി തെരഞ്ഞെടുത്ത 40 തണ്ണീർത്തടങ്ങളിൽ വെള്ളായണിക്കായലും ഉൾപ്പെട്ടിട്ടുണ്ട്. ടി പട്ടിക 18.06.2020-ലെ അതോറിറ്റി മീറ്റിംഗിൽ സമർപ്പിക്കുകയും ടി പട്ടികയിൽ ഉൾപ്പെട്ട എല്ലാ തണ്ണീർതടങ്ങളുടെയും സർവ്വേ നമ്പരും അതിർത്തിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചർച്ച നടത്തിയതിനുശേഷം മാത്രമേ അന്തിമമാക്കാവൂ എന്നും യോഗത്തിൽ തീരുമാനമുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ 12.01.2022-ന് തിരുവനന്തപുരം കളക്ടേറ്റിൽ തിരുവനന്തപുരം ജില്ലയിൽനിന്നും വിജ്ഞാപനം ചെയ്യാനായി തെരഞ്ഞെടുത്ത തണ്ണീർ തടങ്ങളുമായി ബന്ധപ്പെട്ട് റവന്യൂ പ്രതിനിധികളുമായി യോഗം നടത്തുകയുണ്ടായി. അതോടൊപ്പം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ 'Transformative Ideas" പ്രോഗ്രാമിന്റെ ഭാഗമായി വെള്ളായണി കായലിന്റെ Wetland Ecosystem Health card തയ്യാറാക്കുകയും അതിന്റെ

അടിസ്ഥാനത്തിൽ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് Nation Plan For Conservation of Aquatic Ecosystem (NPCA)പദ്ധതിയിൽ വെള്ളായണി കായൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനായി 5 വർഷത്തെ ഒരു കർമ്മ പരിപ്രേഷ്യം തയ്യാറാക്കി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൽ സമർപ്പിക്കുന്ന പക്ഷം 60:40 എന്ന അനുപാതത്തിൽ കേന്ദ്ര സംസ്ഥാന ഫണ്ട് ലഭ്യമാക്കുന്നതാണ്. അതിന്റെ ഭാഗമായി 09.09.2021 ന് കല്ലിയൂർ ഗ്രാമ പഞ്ചായത്തിലും , 21.12.2021 ന് തിരുവനന്തപുരം ജില്ല പഞ്ചായത്തിലും വച്ച് പ്രാഥമിക യോഗങ്ങൾ ചേരുകയും, കേന്ദ്ര സർക്കാരിന്റെ പുതുക്കിയ Nation Plan For Conservation of Aquatic Ecosystem മാർഗ്ഗരേഖ പ്രകാരം വെള്ളായണി കായലിന്റെ കർമ്മ പരിപ്രേഷ്യം തയ്യാറാക്കുന്ന നടപടിയും പുരോഗമിച്ച വരുന്നു. പ്രസ്തുത കരട് ലിസ്റ്റ് സർക്കാർ അംഗീകരിച്ചു.നോട്ടിഫൈ ചെയ്തതിനുശേഷം മാത്രമാണ് വെള്ളായണി കായലിന്റെ സംരക്ഷണവും പരിപാലനവും സംസ്ഥാന തണ്ണീർത്തട അതോറിറ്റിയുടെ കീഴിൽ വരുന്നത്. നിലവിൽ ഉടമസ്ഥത തദ്ദേശ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. കല്ലിയൂർ, വെങ്ങാനൂർ പഞ്ചായത്തുകളുടെ പരിധിയിലാണ് കായൽ വരുന്നത്.

(18.05.2022-ലെ സമിതി യോഗം പരിഗണിക്കുകയുംഅംഗീകരിക്കുകയു ചെയ്തു.)

<u>തദ്ദേശ സ്വയംഭരണ (ആർ. സി. ) വകുപ്പ്</u>

(സർക്കാർ കത്ത് നം. ആർ.സി.4/179/തസ്വഭവ., തീയതി 02.04.2022)

നിയമനിർമ്മാണം നടത്തുന്നതിനാവശ്യമായ വിശദമായ പ്രൊപ്പോസൽ ലഭ്യമാക്കി പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിന് സർക്കാർ തലത്തിൽ തീരുമാനമായിട്ടുണ്ട്.

(18.05.2022-ലെ സമിതി യോഗം അംഗീകരിക്കുകയും അധികവിവരം ആരായുകയും ചെയ്തു)

**<u>സമിതി ആരാഞ്ഞ അധികവിവരം</u>**

**പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്നതിനാവശ്യമായ നിയമ നിർമ്മാണത്തിനായുള്ള പ്രൊപ്പോസൽ പരിശോധിച്ച് സർക്കാർ തലത്തിൽ സ്വീകരിച്ച നടപടിയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് വകുപ്പിനോട് ആവശ്യപ്പെട്ടു.**

## അദ്ധ്യായം - III

## നടപടി റിപ്പോർട്ട് ലഭ്യമാക്കാത്ത ശിപാർശകളുടെ വിശദാംശം

| ക്രമ നമ്പർ | ശിപാർശ | വകുപ്പ് |
|---|---|---|
| 1 | സമിതി (2016-19) യുടെ 1 മുതൽ 17 വരെയുള്ള ശിപാർശകൾ | റവന്യൂ വകുപ്പ് |
| 2 | വെള്ളായണി കായൽ ജലത്തിന്റെ ഗുണനിലവാരം മൂന്നുമാസ ഇടവേളകളിൽ പരിശോധിക്കണമെന്നും പോരായ്മ കണ്ടെത്തി പരിഹാര നടപടികൾ യഥാസമയം സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | ജലവിഭവം |
| 3 | കൃഷി ചെയ്യാതെ നികത്തിക്കൊണ്ടിരിക്കുന്ന മുഴുവൻ പാടശേഖരങ്ങളും സർക്കാർ ഏറ്റെടുത്ത് ഡ്രഡ്ജ് ചെയ്യണമെന്നും അനുയോജ്യമായ മരങ്ങൾ, ഈറ, മുള, കണ്ടൽ കാടുകൾ എന്നിവ കൊണ്ട് അതിരുകൾ നിർമ്മിച്ച് കായലിന്റെ സംഭരണ ശേഷി വർദ്ധിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | മത്സ്യബന്ധനം, കൃഷി, ജലവിഭവം |
| 4 | കായലിനു ചുറ്റും കൃഷി ചെയ്യുവാൻ കഴിയാതെ വെള്ളത്താൽ മൂടിക്കിടക്കുന്ന പട്ടയഭൂമി കൃഷിക്കാരിൽ നിന്നും ന്യായവില നൽകി ഏറ്റെടുത്ത് റിസർവോയറിന്റെ ഭാഗമായി നിലനിർത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | കൃഷി, മത്സ്യബന്ധനം |
| 5 | വേനൽക്കാലത്ത് കായലിൽ നിന്ന് കോവളത്തേക്കും മറ്റ് വിദൂര സ്ഥലങ്ങളിലേക്കും വെള്ളം പമ്പ് ചെയ്യുന്നതുമൂലം കായലിലെ ജലവിതാനം താഴുകയും സമീപ വാസികൾക്ക് ജലദൗർലഭ്യം അനുഭവപ്പെടുകയും ചെയ്യുന്നതായി സമിതി മനസ്സിലാക്കുന്നു. തടാകത്തിൽ നിന്നും ജലം പമ്പ് ചെയ്യുന്നത് നിരീക്ഷിക്കുന്നതിന് സംവിധാനമുണ്ടാകണമെന്നും വിദൂര സ്ഥലങ്ങളിലേക്ക് ജലം ലഭിക്കുന്നതിന് മറ്റ് ജല സ്രോതസ്സുകളെ ആശ്രയിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | കൃഷി, മത്സ്യബന്ധനം |
| 6 | തടാകത്തിന്റെ സംരക്ഷണ പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കുന്നതിന് ജില്ലാ കളക്ടർ ചെയർമാനായി ജലവിഭവം, തദ്ദേശസ്വയംഭരണം, കൃഷി, മത്സ്യബന്ധനം, പരിസ്ഥിതി തുടങ്ങിയ വകുപ്പുകളുടെ ജില്ലാ മേധാവികളും തടാകം സ്ഥിതി ചെയ്യുന്ന പ്രദേശങ്ങളുമായി ബന്ധപ്പെട്ട ജനപ്രതിനിധികളും സന്നദ്ധ സംഘടനാ പ്രതിനിധികളും പരിസരവാസികളും അടങ്ങുന്ന ഒരു മോണിറ്ററിംഗ് അതോറിറ്റി ഉണ്ടാക്കണമെന്നും വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും തടാക സംരക്ഷണം നടത്തുന്നതിനുമുള്ള പ്രത്യേക അധികാരം അതോറിറ്റിക്കുണ്ടായിരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | ജലവിഭവം, കൃഷി, മത്സ്യബന്ധനം, തദ്ദേശസ്വയംഭരണം |

## അദ്ധ്യായം - IV

## സമിതിയുടെ തുടർ ശിപാർശകൾ/നിർദ്ദേശങ്ങൾ

1. സമിതി (2016-19)യുടെ പന്ത്രണ്ടാമത് റിപ്പോർട്ടിലെ എല്ലാ ശിപാർശകൾക്കും പൂർണ്ണവും വ്യക്തവുമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് റവന്യ വകുപ്പിനോട് നിർദ്ദേശിക്കുന്നു.
2. വെള്ളായണി കായൽ ജലത്തിന്റെ ഗുണനിലവാരം മൂന്നുമാസ ഇടവേളകളിൽ പരിശോധിക്കണമെന്നും പോരായ്മ കണ്ടെത്തി പരിഹാര നടപടികൾ യഥാസമയം സ്വീകരിക്കണമെന്നുമുള്ള സമിതിയുടെ ശിപാർശ കൃത്യമായി നടപ്പാക്കണമെന്നും വെള്ളായണിക്കായലിലെ ജലത്തിന്റെ ഗുണനിലവാര പരിശോധനയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്നും ജലവിഭവ വകുപ്പിനോട് നിർദ്ദേശിക്കുന്നു.
3. കൃഷി ചെയ്യാതെ നികത്തികൊണ്ടിരിക്കുന്ന മുഴുവൻ പാടശേഖരങ്ങളും സർക്കാർ ഏറ്റെടുത്ത് ഡ്രഡ്ജ് ചെയ്യണമെന്നും അനുയോജ്യമായ മരങ്ങൾ, ഈറ, മുള, കണ്ടൽ കാടുകൾ എന്നിവകൊണ്ട് അതിരുകൾ നിർമ്മിച്ച് കായലിന്റെ സംഭരണ ശേഷി വർദ്ധിപ്പിക്കണമെന്നും മത്സ്യബന്ധനം, കൃഷി, ജലവിഭവം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളോട് ശിപാർശ ചെയ്യുന്നു.
4. കായലിനും ചുറ്റും കൃഷി ചെയ്യുവാൻ കഴിയാതെ വെള്ളത്താൽ മൂടിക്കിടക്കുന്ന പട്ടയഭൂമി കൃഷിക്കാരിൽ നിന്നും ന്യായവില നൽകി ഏറ്റെടുത്ത് റിസർവോയറിന്റെ ഭാഗമായി നിലനിർത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് കൃഷി, മത്സ്യബന്ധനം എന്നീ വകുപ്പുകളോട് ശിപാർശ ചെയ്യുന്നു.
5. വേനൽ കാലത്ത് കായലിൽ നിന്ന് കോവളത്തേക്കും മറ്റ് വിദൂര സ്ഥലങ്ങളിലേക്കും വെള്ളം പമ്പ് ചെയ്യുന്നതുമൂലം കായലിലെ ജലവിതാനം താഴുകയും സമീപവാസികൾക്ക് ജലദൗർലഭ്യം അനുഭവപ്പെടുകയും ചെയ്യുന്നതായി സമിതി മനസ്സിലാക്കുന്നതിനാൽ, തടാകത്തിൽ നിന്നും ജലം പമ്പ് ചെയ്യുന്നത് നിരീക്ഷിക്കുന്നതിന് സംവിധാനമുണ്ടാകണമെന്നും വിദൂര സ്ഥലങ്ങളിലേക്ക് ജലം ലഭിക്കുന്നതിന് മറ്റ് ജല സ്രോതസ്സുകളെ ആശ്രയിക്കണമെന്നും കൃഷി, മത്സ്യബന്ധനം എന്നീ വകുപ്പുകളോട് ശിപാർശ ചെയ്യുന്നു.

6. തടാകത്തിന്റെ സംരക്ഷണ പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കുന്നതിന് ജില്ലാ കളക്ടർ ചെയർമാനായി ജലവിഭവ, തദ്ദേശസ്വയംഭരണം, കൃഷി, മത്സ്യബന്ധനം, പരിസ്ഥിതി തുടങ്ങിയ വകുപ്പുകളുടെ ജില്ലാ മേധാവികളും തടാകം സ്ഥിതി ചെയ്യുന്ന പ്രദേശങ്ങളുമായി ബന്ധപ്പെട്ട ജനപ്രതിനിധികളും സന്നദ്ധ സംഘടനാ പ്രതിനിധികളും പരിസരവാസികളും അടങ്ങുന്ന ഒരു മോണിറ്ററിംഗ് അതോറിറ്റി ഉണ്ടാക്കണമെന്നും വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും തടാക സംരക്ഷണം നടത്തുന്നതിനുമുള്ള പ്രത്യേക അധികാരം അതോറിറ്റിക്കുണ്ടായിരിക്കണമെന്നും ജലവിഭവം, കൃഷി, മത്സ്യബന്ധനം, തദ്ദേശസ്വയംഭരണം, റവന്യൂ എന്നീ വകുപ്പുകളോട് ശിപാർശ ചെയ്യുന്നു.

7. പമ്പ് ഹൗസുകളുടെ നിലവിലെ അവസ്ഥയും, പമ്പ് ഹൗസുകൾ നവീകരിച്ച് യന്ത്രോപകരണങ്ങൾ പ്രവർത്തന സജ്ജമാക്കി നിലനിർത്തുന്നതിന് വേണ്ടി സ്വീകരിച്ച നടപടികൾ സംബന്ധിച്ചുമുള്ള റിപ്പോർട്ട് ലഭ്യമാക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പിനോട് ശിപാർശ ചെയ്യുന്നു.

8. വെള്ളായണിക്കായലിലെ മാലിന്യം നീക്കം ചെയ്യുന്നതിനും ജൈവ വൈവിധ്യ പൈതൃക കേന്ദ്രമാക്കി പ്രഖ്യാപിക്കുന്നതിനും വേണ്ടി സ്വീകരിച്ച നടപടിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വ്യക്തമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പിനോട് ശിപാർശ ചെയ്യുന്നു.

9. വെള്ളായണിക്കായലിലെ ജലനിരപ്പ് പൂർവ്വസ്ഥിതിയിലെത്തിക്കുന്നതിലേയ്ക്കായി, നെയ്യാർ ഇറിഗേഷൻ പദ്ധതിയുടെ കൈവഴികൾ വഴി നെയ്യാറിലെ ജലം വെള്ളായണിക്കായലിൽ എത്തിക്കുന്നതിന് സംസ്ഥാന ജല അതോറിറ്റി ജലവിഭവ വകുപ്പിന്റെ സഹായം തേടുന്നത് സംബന്ധിച്ചും പ്രസ്തുത കൈവഴികളിലൂടെയുള്ള നീരൊഴുക്കിന് തടസ്സം നേരിടുന്നതിനാൽ ചില സമയങ്ങളിൽ വേനൽക്കാലത്ത് വെള്ളായണി കായലിലെ "ജലനിരപ്പ് പൂർവ്വസ്ഥിതിയിൽ എത്തിക്കാൻ കഴിയാതെ വരുന്നു" എന്നുള്ള കാര്യങ്ങളിന്മേൽ വകുപ്പ് സ്വീകരിച്ച നടപടികളുടെ നിലവിലെ

സ്ഥിതി സംബന്ധിച്ചും റിപ്പോർട്ട് ലഭ്യമാക്കുവാൻ ജലവിഭവ (ഐ.ആർ.) വകുപ്പിനോട് ആവശ്യപ്പെടുന്നു.

10. വെള്ളായണി കായലിലെ ജലം മലിനപ്പെടുത്തരുതെന്നഭ്യർത്ഥിച്ചുകൊണ്ടുള്ള ബോർഡുകൾ, മാലിന്യ നിക്ഷേപിക്കുന്നതിനുള്ള ഡസ്റ്റ് ബിന്നുകൾ തുടങ്ങിയവ സ്ഥാപിക്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പിനോട് ശിപാർശ ചെയ്യുന്നു.

11. സമിതിയുടെ 12-ാമത് റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്നതിനാവശ്യമായ നിയനിർമ്മാണത്തിനായുള്ള പ്രൊപ്പോസൽ പരിശോധിച്ച് സർക്കാർ തലത്തിൽ സ്വീകരിച്ച നടപടിയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പിനോട് ശിപാർശ ചെയ്യുന്നു.

ഇ. കെ. വിജയൻ,
*അദ്ധ്യക്ഷൻ*
പരിസ്ഥിതി സംബന്ധിച്ച സമിതി

തിരുവനന്തപുരം,
2023 ജനുവരി 11.